**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**
**<u>പോലീസ് സേനയുടെ അംഗബലം</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1919** **07/03/2017-ൽ മറുപടിക്ക്**

**ചോദ്യം**
**ശ്രീ.എൻ.ഷംസുദ്ദീൻ**

**മറുപടി**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പോലീസ് സേനയുടെ അംഗബലം ജനസംഖ്യാനുപാതികമായി കുറവാണ് എന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ഉണ്ടെങ്കിൽ പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുവാൻ സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (ബി) | പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുവാനുള്ള പ്രപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | പോലീസ് സേനയുടെ നവീകരണവും ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് കൂടി വ്യക്തമാക്കുമോ ? | (സി) | പോലീസ് സേനയുടെ നവീകരണവും ആധുനികവത്കരണവുമായി ബന്ധപ്പെട്ട് 4700 ലക്ഷം രൂപ 2017-18 സാമ്പത്തിക വർഷത്തിലേയ്ക്ക് നീക്കി വെക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ നടപ്പിൽ വരുത്തുന്ന പദ്ധതികൾ കൂടാതെ താഴെപ്പറയുന്ന പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.<br>1) ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനം വികസിപ്പിക്കൽ<br>2) ടെലികമ്മ്യൂണിക്കേഷൻ ശൃംഖലയുടെ വികസിപ്പിക്കൽ |

| | | |
|---|---|---|
| | | 3) സൈബർ കുറ്റാന്വേഷണത്തിന്റെ സാങ്കേതികത വികസിപ്പിക്കൽ<br>4) 3 ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ നിർമ്മിക്കൽ<br>5) പോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർ സോഫ്റ്റ് വെയറും ഫർണീച്ചറും വാങ്ങുന്നതിന്<br>6) 100 പോലീസ് സ്റ്റേഷനുകളിൽ സ്ഥലസൗകര്യം വർദ്ധിപ്പിക്കുന്നതിന്<br>7) 4 ജില്ലകളിൽ ജില്ലാ കൺട്രോൾ റൂം നിർമ്മിക്കുന്നതിന്<br>8) ഇന്റലിജൻസ് സംവിധാനത്തിന്റെ ശാക്തീകരണം<br>9) 13 ജില്ലകളിൽ പിങ്ക് കൺട്രോൾ റൂം സ്ഥാപിക്കൽ<br>കൂടാതെ താഴെപ്പറയുന്ന പദ്ധതികളും നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നു.<br>എ) ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പാതകളിലും ദേശീയപാതകളിലുമായി 350 ഇടങ്ങളിൽ കൂടി ക്യാമറ സ്ഥാപിക്കുക<br>ബി) കേന്ദ്ര സഹായത്തോട്ടുകൂടി സൈബർ ഇൻവെസ്റ്റിഗേഷൻ സെന്റർ അനുവദിക്കുക<br>സി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോട്ടുകൂടി ഡയൽ 112 സെന്റർ സ്ഥാപിക്കുക<br>ഡി) എല്ലാ ജില്ലകളിലും സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ ആരംഭിക്കുക |

സെക്ഷൻ ഓഫീസർ